www.modelquestionpapers.in



# FIRST MID TERM EXAMINATION 2014-15

## മലയാളം I

## കേരള പാഠാവലി

Std-X

Time: 1 hr.
Total Marks: 25

---

1. അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തുക.?

പത്രത്തിൽ കണ്ട <u>വാർത്ത</u> എന്നെ ഞെട്ടിച്ചു. മൂശയിൽ <u>വാർത്ത</u> ആ ശില്പം മനോഹരമായിരുന്നു (2)

2. അങ്ങനെയൊന്നുണ്ടായിട്ടല്ല......നാലൊന്നൂല്ല്യാന്നങ്ങട് പറയാൻ വയ്യേന്നീം" ഈ സംഭാഷണ ശകലം നിങ്ങളുടെ സംഭാഷണ ഭാഷയിൽ മാറ്റി എഴുതുക. (2)

3. "നളനഗരേ വാഴുന്നു ഞാൻ നളിന ജന്മ വചസാ നളിനമിഴിമാർക്കെല്ലാം നടപഠിപ്പാൻ" ഹംസത്തിന്റെ ഈ വാക്കുകളിൽ ദമയന്തിയുടെ മനസ്സറിയുവാനുള്ള എന്തെല്ലാം തന്ത്രങ്ങളാണ് ഒളിഞ്ഞിരിക്കുന്നത് ? (ഏതെങ്കിലും രണ്ടെണ്ണം എഴുതുക) (2)

4. ഗ്യാസ് ചോർന്ന് കേടായ ഫ്രിഡ്ജ് പോലെതന്നെ നമ്മളെ ജീവിതം - പാഠഭാഗത്തെ അടിസ്ഥാനമാക്കി വാക്യത്തിന്റെ പൊരുൾ കണ്ടെത്തുക (4)

5. പോക പൂങ്കാവിലെന്നു പുതുമധു വചനേ!
വലിയ നിർബന്ധം തവ വാഴുന്നേരം ഭവനേ
പോവാൻ തന്നെയോ വന്നു പൂർണ്ണേന്ദു വദനേ!
കാമിനിമൗലേ! ചൊൽക കാതര നയനേ!

ഇവിടെ ദമയന്തിക്കു നൽകിയ വിശേഷണങ്ങൾ കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ എങ്ങനെ വ്യക്തമാക്കുന്നു. (4)

6. കഷ്ടിച്ച് കഴിഞ്ഞു കൂടാനുള്ള വകയൊക്കെ ഇല്ലത്തുണ്ട്. പോരാത്തേത് ഉരപ്പുരേം ചക്കിം ഒക്കേണ്ടേ നീം. എനിക്ക് സുഖാവാൻ ഇത്രയൊക്കേ വേണ്ടൂ - ചാക്യാരുടെ ഈ പ്രസ്താവനയിലൂടെ സൂചിതമാകുന്ന സാമൂഹ്യാവസ്ഥ വ്യക്തമാക്കുക ? (4)

7. "ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയി കാണും നമ്മൾ അതിനുവേണ്ടി വില പിടിച്ച സ്പേസ് നഷ്ടപ്പെടുത്തേണ്ടതില്ല". ഗിരിരാജിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (4)

8. "യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം" ഹംസത്തിന്റെ ഉപദേശത്തിന്റെ പ്രസക്തി തയ്യാറാക്കുക ? (3)

---